ജലമലിനീകരണം

158 (2627) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല സ്രോതസ്സുകളിലെ വ്യാവസായിക-ജൈവമാലിന്യങ്ങൾമൂലമുണ്ടാകുന്ന മലിനീകരണം തടയുന്നതിനും ഇവ സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) മിക്ക സംസ്ഥാനങ്ങളിലെയും വരൾച്ചാ സാഹചര്യം മുൻനിർത്തി ജല സംരക്ഷണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം;

(സി) ഉപയോഗശൂന്യമായി കിടക്കുന്ന ജല സ്രോതസ്സുകൾ നവീകരിക്കുന്നതിനും ശുദ്ധജലം സംരക്ഷിക്കുന്നതിനും പ്രാദേശിക അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1974-ലെ ജല നിയമപ്രകാരം ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. 1974-ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമപ്രകാരം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയ മലിനീകരണ സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളും ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെ പരിധിയിൽ കൊണ്ടുവന്നത് പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. നദികളിലേക്ക് വന്നുചേരുന്ന പ്രധാന നീർച്ചാലുകൾ/തോടുകൾ എന്നിവ മാലിന്യം കലരാതെ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി സാമ്പത്തിക ലഭ്യതയനുസരിച്ച് കമ്പിവേലി നിർമ്മാണവും ഓരുജലം കയറി നദീജലം മലിനമാകുന്നത് തടയുന്നതിനായി റെഗുലേറ്ററുകൾ നിർമ്മിച്ചും നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിന് ചെക്ക് ഡാമുകൾ നിർമ്മിച്ചും ഫ്ലഷ് ഔട്ട് സംവിധാനം പമ്പയാറിൽ നടപ്പാക്കിയും വർഷകാലത്ത് ഡാമുകളിൽ ശേഖരിച്ചിട്ടുള്ള വെള്ളം തുറന്നുവിട്ട് മാലിന്യങ്ങൾ നദികളിൽ സ്ഥിരമായി കെട്ടിനിൽക്കാതെ സംരക്ഷിക്കാനുമുള്ള പദ്ധതികളും നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽനിന്നും മലിനീകരണ നിയന്ത്രണ ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. ഹൗസ് ബോട്ടുകളിൽനിന്നുള്ള സ്വീവേജും ഗാർബേജും എഞ്ചിനിൽനിന്നുള്ള എണ്ണയും കായൽ മലിനീകരണമുണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ്ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കുമരകത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിനായി ഒരു പൊതുമലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 180 കെ.എൽ.ഡി. ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നീലംപേരൂർ പഞ്ചായത്തിലെ കുന്നുമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ജലസംരക്ഷണം ലക്ഷ്യംവച്ച് കേരളത്തിലെ പുഴകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയെ ഒരു പൈലറ്റ് പ്രോജക്ടായി തെരഞ്ഞെടുത്ത് അതിന്റെ സംരക്ഷണത്തിനും വികസനത്തിനുമായുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1222 കോടി രൂപയുടെ വിശദമായ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പുതിയ സാങ്കേതികവിദ്യയിൽ മന്നന്നൂരിൽ തടയണ നിർമ്മിക്കുന്നതിന് 489.44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. കൂടാതെ ഭാരതപ്പുഴ ബേസിനിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും റഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പര്യവേഷണ ജോലികൾക്കും സർവ്വേ ചെയ്യുന്നതിനുമായി 4.70 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും ചെയ്തു. ചാലിയാർ നദീതടത്തിന്റെ കരട് മാസ്റ്റർ പ്ലാൻ CWRDM തയ്യാറാക്കിയിട്ടുണ്ട്.

കോട്ടയം ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒന്നാം ഘട്ടമായി മീനച്ചിലാറിലും കൈവഴികളിലും മിനിഡാമുകളും, രണ്ടാംഘട്ടമായി പഴുക്കക്കാനം ഡാമും കനാലും, മൂന്നാംഘട്ടമായി ടണലും ചെയ്യുവാൻ ഉദ്ദേശ്യമിട്ട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇപ്രകാരം 6 മിനി ഡാമുകൾക്കും ഒരു ചെക്ക് ഡാമിനും ഭരണാനുമതിയും, ഇതിൽപ്പെട്ട 4 മിനി ഡാമുകളുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. മറ്റ് മിനി ഡാമുകൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന പഴുക്കക്കാനം ഡാമിനും കനാലുകൾക്കുമായി 131 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജലസ്രോതസ്സുകൾ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടെ ആവശ്യപ്രകാരമാണ്.

ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി

159(2628) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര ആർ. ഒ. പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തന ക്ഷമമാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനക്ഷമമാക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചു; എത്ര പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കി; വിശദമാക്കുമോ;

(സി) കാലപ്പഴക്കംമൂലം പ്രവർത്തനക്ഷമമല്ലാതായ പ്ലാന്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആകെ 12 ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയിൽ 10 എണ്ണം പ്രവർത്തനക്ഷമമാണ്. കൂടാതെ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 6 ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനക്ഷമമാക്കുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും 2013-14 കാലയളവിൽ 10,87,800 രൂപ അനുവദിച്ചു. 9 പ്ലാന്റുകൾ ഈ തുക ഉപയോഗിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പുതിയ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

ഡി.ആർ.ഐ.പി. ഇറിഗേഷൻ പദ്ധതി

160(2629) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്ക് സഹായത്തോടെ ഇറിഗേഷൻ വകുപ്പ് കേരളത്തിൽ ആരംഭിച്ചിരിക്കുന്ന ഡി.ആർ.ഐ.പി.-യിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക സഹായം നൽകിയ സ്ഥാപനം നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും പരിശോധിച്ച് മാത്രമാണോ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്; പരാതികൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly